**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ)നം.1719/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 08.08.2019

പരാമർശം :- 1. ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 13.05.2015 തീയതിയിലെ സി.ടി.പി.(വിജി) നം 331/15 നമ്പർ റിപ്പോർട്ട്.

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന് നൽകിയ 01.02.2016 തീയതിയിലെ തസ്വഭവ-ഇ.യു.1/408/2015/ ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 20.04.2016 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 22.05.2018 തീയതിയിലെ വി3- 5988/16 നമ്പർ കത്ത്.

**ഉത്തരവ്**

ചീഫ് ടൗൺ പ്ലാനർ ( വിജിലൻസ് ) ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ **04.03.2015 മുതൽ 13.03.2015 വരെ** നടത്തിയ പരിശോധനയിൽ, ഗുരുവായൂർ വില്ലേജിൽ സർവ്വേ നം. 99/2 ൽ നം.ബി.എ. 217/13-14 തീയതി 06.03.2014 പ്രകാരം അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് 1999 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തി പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ അച്ചടക്കനടപടി ആരംഭിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ പത്രം നൽകുകയുമുണ്ടായി.

2. ബിൽഡിംഗ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ സാങ്കേതിക വൈദഗ്ധ്യമുള്ള എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ ശിപാർശ അംഗീകരിക്കുക മാത്രമാണ് എക്സിക്യൂട്ടീവ് അതോറിറ്റി എന്ന നിലയിൽ

താൻ ചെയ്തിട്ടുള്ളതെന്നും സ്ഥലപരിശോധന നടത്തിയിട്ടില്ലെന്നും, എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ സത്യസന്ധമായ റിപ്പോർട്ട് ഫയലിൽ സമർപ്പിച്ചിരുന്നുവെങ്കിൽ ഒരിക്കലും ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് നൽകുമായിരുന്നില്ലെന്നും, എല്ലാ ബിൽഡിംഗ് അപേക്ഷയും സ്ഥലപരിശോധന നടത്താനോ പ്ലാനുകൾ നൂലിഴകീറി പരിശോധിക്കാനോ നഗരസഭാ സെക്രട്ടറിയ്ക്ക് പ്രായോഗികമായി സാധിക്കാത്ത കാര്യമാണെന്നും ഓഫീസ് മേധാവി എന്ന നിലയിൽ ഇക്കാര്യത്തിൽ ഒരു സൂപ്പർ വിഷൻ ലാപ്സ് പോലും തന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല എന്നും പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച മറുപടിയിൽ ശ്രീ രഘുരാമൻ ബോധിപ്പിച്ചിട്ടുണ്ട്. കീഴുദ്യോഗസ്ഥർ തെറ്റായ റിപ്പോർട്ട് നല്കി മേലധികാരിയെ തെറ്റിദ്ധരിപ്പിച്ചാൽ അത് മേലധികാരിയുടെ കുറ്റമോ സൂപ്പർ വിഷൻ ലാപ്സോ ആകുന്നില്ലെന്നും വിജിലൻസ് റിപ്പോർട്ടിനെ തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ച അറിയിപ്പ് കണക്കിലെടുത്ത് 23.03.2016 - ൽ കെട്ടിടനിർമ്മാണത്തിന് നൽകിയ ബിൽഡിംഗ് പെർമിറ്റ് റദ്ദ് ചെയ്തിട്ടുണ്ടെന്നും, ബിൽഡിംഗ് പെർമിറ്റ് നൽകാൻ ശുപാർശ ചെയ്ത ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. ജയാനന്ദൻ , അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബിനോയ് ബോസ് , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി . എസ് . സുരേഷ് എന്നിവർക്ക് 23.03.2016- ൽ താൻ കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ടെന്നും, തെറ്റായ പ്ലാൻ സമർപ്പിച്ച ബിൽഡിംഗ് സൂപ്പർവൈസറുടെ ലൈസൻസ് റദ്ദ് ചെയ്യാൻ റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് 23.03.2016- ൽ രേഖാമൂലം കത്ത് നൽകിയിട്ടുണ്ടെന്നും ശ്രീ . രഘുരാമൻ ബോധിപ്പിച്ചിട്ടുണ്ട്.

3. ബി . എ 217/13-14 - ാം നമ്പറായി സമർപ്പിച്ച പ്ലാൻ കെ. എം. ബി. ആർ - ന വിധേയമായാണ് സമർപ്പിച്ചിരിക്കുന്നതെന്ന പബ്ലിക് വർക്ക് ഓവർസിയർ ശ്രീ. ജയാനന്ദന്റെ ശിപാർശ മുനിസിപ്പൽ എഞ്ചിനീയർ അംഗീകരിച്ച് സെക്രട്ടറിക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 06/03/2014 - ന് ബിൽഡിംഗ് പെർമിറ്റിന് സെക്രട്ടറി അനുമതി നൽകിയിരിക്കുന്നത് എന്നും, Basement + Ground Floor + 1st Floor + 2nd Floor + 3rd Floor + terrace floor ഉൾപ്പെടെ 3374 m2 ബിൽഡിംഗിന് പെർമിറ്റ് നൽകിയത് സംബന്ധിച്ച് വിശദമായ സ്റ്റേറ്റ്മെന്റ്, പബ്ലിക് വർക്സ് ഓവർസിയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റസിഡൻഷ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് അനുമതി നൽകിയിരിക്കുന്നത്. കെട്ടിടത്തിന് ഓഡിറ്റോറിയം & ഡോർമെട്രീസ് എന്ന പേരിലാണ് പെർമിറ്റ് നൽകിയിരിക്കുന്നത് എന്നും എന്നാൽ സി . ടി . പി വിജിലൻസ് ' അസംബ്ലി ഒക്കുപെൻസി ' എന്ന നിഗമനത്തിലാണ് Rule Violation ചൂണ്ടി കാണിച്ചിരിക്കുന്നത് എന്നും, കെ . എം . ബി . ആർ റൂൾ 30, ഗ്രൂപ്പ് ( എ 2) സ്പെഷ്യൽ റസിഡൻഷ്യലിന്റെ നിർവചനത്തിൽ ടി കെട്ടിടം ഉൾപ്പെടുത്താവുന്നതാണെന്നും, അപ്രകാരം കണക്കാക്കിയാൽ FAR, Access, height of room, Rule 55(1) എന്നിവ പാലിക്കുന്നുണ്ടെന്നും റീജിയണൽ ജോയിന്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിരുന്നു.

4. ബിൽഡിംഗ് ഇൻസ്പെക്ടർ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ സാങ്കേതിക വൈദഗ്ധ്യമുള്ള എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ ശിപാർശ അംഗീകരിക്കുക മാത്രമാണ് എക്സിക്യൂട്ടീവ് അതോറിറ്റി എന്ന നിലയിൽ ടിയാൻ ചെയ്തിട്ടുള്ളത് എന്ന് ശ്രീ. രഘുരാമൻ മറുപടി നല്കിയിട്ടുണ്ടെന്നും, എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ തെറ്റായ റിപ്പോർട്ട് നല്കിയിട്ടില്ലായെന്നും സ്പെഷ്യൽ റസിഡൻഷ്യലിന്റെ നിർവചനത്തിൽ ഉൾപ്പെടുത്താവുന്ന കെട്ടിടം ' അസംബ്ലി ഒക്യുപെൻസി ' എന്ന നിഗമനത്തിലാണ് വിജിലൻസ് റിപ്പോർട്ടിൽ റൂൾ വയലേഷൻ ചൂണ്ടിക്കാണിച്ചിരിക്കുന്നതെന്നും സെക്രട്ടറി ശ്രീ. രഘുരാമന്റെ ഭാഗത്തുനിന്നും ഈ വിഷയത്തിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം അറിയിച്ചു.

5. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്ന ചട്ടംലംഘനങ്ങളെല്ലാം അംഗീകൃത പ്ലാനിലുള്ള ചട്ടലംഘനങ്ങളാണ് എന്നും, ടി ചട്ടലംഘനങ്ങൾ മനസ്സിലാക്കുന്നതിന് സ്ഥലപരിശോധന നടത്തേണ്ടതില്ലെന്നും, ആയതിനാൽ സ്ഥല പരിശോധന നടത്തിയ ഉദ്യോഗസ്ഥനും, ഫയൽ പരിശോധന നടത്തിയ മറ്റ് സാങ്കേതിക വിഭാഗം ജീവനക്കാർക്കും മാത്രമാണ് പെർമിറ്റ് നൽകിയതിന് ഉത്തരവാദിത്തമുള്ളത് എന്ന ശ്രീ.രഘുരാമന്റെ വാദം പൂർണ്ണമായും അംഗീകരിക്കുവാൻ കഴിയുന്നതല്ല എന്ന് സി.ടി.പി വിജിലൻസ് അഭിപ്രായപ്പെട്ടിട്ടുണ്ട്. പെർമിറ്റ് നൽകുന്നതിന് മുമ്പായി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുമായി നേരിട്ട് ആശയവിനിമയം നടത്തിയിരുന്നെങ്കിൽ ചില ചട്ടലംഘനങ്ങളെങ്കിലും ഒഴിവാക്കുവാൻ കഴിയുമായിരുന്നെന്ന് കാണുന്നു എന്നും, ആയതിനാൽ ശ്രീ രഘുരാമൻ അറിയിക്കുന്നത് പോലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കാണ് കൂടുതൽ ഉത്തരവാദിത്തമുള്ളതെങ്കിലും, നഗരസഭയിലെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ ഓഫീസ് മേധാവിയായ നഗരസഭാസെക്രട്ടറിക്കും ഉത്തരവാദിത്തമുള്ളതായി കാണുന്നു എന്നും സി.ടി.പി വിജിലൻസ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

6. ചീഫ് ടൗൺ പ്ലാനർ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായതിനു ശേഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന് നഗരസഭാ സെക്രട്ടറിയായ ശ്രീ രഘുരാമൻ ചട്ടവിരുദ്ധമായി അനുവദിച്ചു നൽകിയ പെർമിറ്റ് റദ്ദ് ചെയ്തത്. ചട്ടലംഘനത്തോടുകൂടി കെട്ടിട നിർമ്മാണാനുമതി നൽകിയത് ശ്രീ രഘുരാമന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കാവുന്നതാണ്. സാങ്കേതിക വിഭാഗം ജീവനക്കാരുടെ റിപ്പോർട്ട് ഉത്തമ വിശ്വാസത്തിലെടുത്താണ് പെർമിറ്റ് നൽകിയതെന്നുള്ള ശ്രീ രഘുരാമന്റെ മറുപടി പൂർണ്ണമായി അംഗീകരിക്കത്തക്കതല്ല.

7. ഈ സാഹചര്യത്തിൽ, ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, KCS(CC&A) Rules 1960 Rule 11(1)(iii)

പ്രകാരം ടിയാന്റെ ഒരു വർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.

ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.

ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.